**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3914** **27-10-2021 - ൽ മറുപടിയ്ക്ക്**

**വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന മരുന്ന് സംഭരണ ശാലകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ ജില്ലാ മരുന്ന് സംഭരണശാലകൾ സംസ്ഥാനത്ത് വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എത്രയെണ്ണം അപ്രകാരം പ്രവർത്തിക്കുന്നുവെന്നും ആയതിന് പ്രതിവർഷം വാടകയിനത്തിൽ എത്ര തുക ചെലവ് വരുന്നുണ്ടെന്നും അറിയിക്കുമോ; | (എ) | ഉണ്ട്. സംസ്ഥാനത്ത് പത്ത് ജില്ലകളിലായി ആകെ 13 സംഭരണശാലകൾ വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നുണ്ട്. ഇവയ്ക്ക് വാടകയിനത്തിൽ പ്രതിവർഷം 5,05,86,422.16 രൂപ നൽകി വരുന്നുണ്ട്. |
| (ബി) | കോഴിക്കോട് ജില്ലാ മരുന്ന് സംഭരണശാലയ്ക്ക് വേണ്ടി ചേവായൂർ ത്വക്ക് രോഗാശുപത്രി കോമ്പൗണ്ടിൽ സ്ഥലം ലഭ്യമാണോ; ആയത് നിർമ്മിക്കുന്നതിന് കെ.എം.എസ്.സി.എൽ. ന് എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും ആയതിൽ എത്ര തുക വിനിയോഗിച്ചിട്ടുണ്ടെന്നും അറിയിക്കുമോ; | (ബി) | ചേവായൂർ സർക്കാർ ത്വക്ക് രോഗാശുപത്രിയുടെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ നിന്ന് കോമ്പസിറ്റ് റീജിയണൽ സെന്റർ ആരംഭിക്കുന്നതിന് സാമൂഹ്യ നീതി വകുപ്പിന് 3 ഏക്കർ ഭൂമിയും എൻ.എച്ച്.എം ട്രയിനിങ് സെന്റർ ആരംഭിക്കുന്നതിന് 30 സെന്റ് സ്ഥലവും കായിക യുവജനകാര്യ വകുപ്പിന് 5 ഏക്കർ സ്ഥലവും കോവിഡ് ഐസൊലേഷൻ വാർഡിനായി തിരഞ്ഞെടുത്ത സ്ഥലവും തെരുവ് നിവാസികളെ പാർപ്പിക്കുന്നതിന് നിലവിലുള്ള 4 കെട്ടിടങ്ങളും ബന്ധപ്പെട്ട അധികാരികൾക്ക് വിട്ടുനൽകിയിട്ടുണ്ട്. ബാക്കിയുള്ള സ്ഥലത്ത് ആശുപത്രിയുടെ തുടർ വികസനത്തിനുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കി തുടർ നടപടികൾ സ്വീകരിച്ചു വരുന്ന സാഹചര്യത്തിൽ കോഴിക്കോട് ജില്ലാ മരുന്നു സംഭരണശാലയ്ക്ക് വേണ്ടി നിലവിൽ ആശുപത്രി കോമ്പൗണ്ടിൽ സ്ഥലം ലഭ്യമല്ല എന്നാൽ ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കുന്നതിനായി കായിക യുവജനകാര്യ വകുപ്പിന് കൈമാറി നൽകിയിരുന്ന അഞ്ച് ഏക്കർ ഭൂമി, ടി വകുപ്പ് ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കാത്തതിനാൽ ആരോഗ്യ വകുപ്പിന് തിരികെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. അതിൽ നിന്നും 1.5 ഏക്കർ സ്ഥലം കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനു സ്റ്റേറ്റ് ഓഫ് ആർട്ട് സയൻറിഫിക് വെയർഹൗസ് നിർമ്മിക്കുന്നതിനായി കൈമാറാവുന്നതാണെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. ഭൂമി |

| | | | |
|---|---|---|---|
| | | | കൈമാറിയിട്ടില്ലാത്തതിനാൽ ഇതിനായി കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് സർക്കാരിൽ നിന്നും ധനസഹായം അനുവദിച്ചിട്ടില്ല. |
| (സി) | ഇല്ലെങ്കിൽ വിനിയോഗിക്കാത്തതിനുള്ള കാരണം വ്യക്തമാക്കാമോ? | (സി) | ചേവായൂർ സർക്കാർ ത്വക്ക് രോഗാശുപത്രിയുടെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ നിന്ന് കോമ്പസിറ്റ് റീജിയണൽ സെന്റർ ആരംഭിക്കുന്നതിന് സാമൂഹ്യ നീതി വകുപ്പിന് 3 ഏക്കർ ഭൂമിയും എൻ.എച്ച്.എം ട്രയിനിങ് സെന്റർ ആരംഭിക്കുന്നതിന് 30 സെന്റ് സ്ഥലവും കായിക യുവജനകാര്യ വകുപ്പിന് 5 ഏക്കർ സ്ഥലവും കോവിഡ് ഐസൊലേഷൻ വാർഡിനായി തിരഞ്ഞെടുത്ത സ്ഥലവും തെരുവ് നിവാസികളെ പാർപ്പിക്കുന്നതിന് നിലവിലുള്ള 4 കെട്ടിടങ്ങളും ബന്ധപ്പെട്ട അധികാരികൾക്ക് വിട്ടുനൽകിയിട്ടുണ്ട്. ബാക്കിയുള്ള സ്ഥലത്ത് ആശുപത്രിയുടെ തുടർ വികസനത്തിനുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കി തുടർ നടപടികൾ സ്വീകരിച്ചു വരുന്ന സാഹചര്യത്തിൽ കോഴിക്കോട് ജില്ലാ മരുന്നു സംഭരണശാലയ്ക്കു വേണ്ടി നിലവിൽ ആശുപത്രി കോമ്പൗണ്ടിൽ സ്ഥലം ലഭ്യമല്ല എന്നാൽ ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കുന്നതിനായി കായിക യുവജനകാര്യ വകുപ്പിന് കൈമാറി നൽകിയിരുന്ന അഞ്ച് ഏക്കർ ഭൂമി, ടി വകുപ്പ് ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കാത്തതിനാൽ ആരോഗ്യ വകുപ്പിന് തിരികെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. അതിൽ നിന്നും 1.5 ഏക്കർ സ്ഥലം കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനു സ്റ്റേറ്റ് ഓഫ് ആർട്ട് സയൻറിഫിക് വെയർഹൗസ് നിർമ്മിക്കുന്നതിനായി കൈമാറാവുന്നതാണെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. ഭൂമി കൈമാറിയിട്ടില്ലാത്തതിനാൽ ഇതിനായി കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് സർക്കാരിൽ നിന്നും ധനസഹായം അനുവദിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ